**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2123** **03-03-2025 - ൽ മറുപടിയ്ക്ക്**

**ജില്ലാ, ജനറൽ ആശുപത്രികളുടെ മാനദണ്ഡം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | താലൂക്ക് ആശുപത്രികളും, സി.എച്ച്.സി കളും ജില്ലാ ആശുപത്രിയായും, ജനറൽ ആശുപത്രിയായും ഉയർത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് എന്ന് അറിയിക്കുമോ; വിശദമാക്കാമോ; | (എ) | രോഗിസൗഹാർദപരമായ ഒരു സമീപനം സർക്കാർ ആശുപത്രിയിൽ നിന്നും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 2016 -ൽ നിലവിൽ വന്ന ആർദ്രം മിഷൻ പദ്ധതി പ്രകാരമാണ് നിലവിൽ ആരോഗ്യ സ്ഥാപനങ്ങളിൽ നിന്ന് സേവനങ്ങൾ ലഭ്യമാക്കുന്നത്. അതിൻ പ്രകാരം ഒരു ഗ്രാമപഞ്ചായത്തിൽ ഒരു കുടുംബാരോഗ്യകേന്ദ്രം, ഒരു ബ്ലോക്ക് പഞ്ചായത്തിൽ ഒരു ബ്ലോക്ക് കുടുംബാരോഗ്യകേന്ദ്രം, ഒരു താലൂക്കിൽ ഒരു താലൂക്ക് ആശുപത്രിയും ഒരു ജില്ലയിൽ ഒരു ജില്ലാ തല ആശുപത്രി നിലവിലുണ്ടായിരിക്കണം എന്നതാണ് മാനദണ്ഡം. ആയതിലേയ്ക്കായി വിവിധ തലങ്ങളിലുള്ള ആരോഗ്യ സ്ഥാപനങ്ങളുടെ Standardization മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | 2025-2026 വർഷത്തെ സംസ്ഥാന ബജറ്റിൽ ജില്ലാ ആശുപത്രിയായി ഉയർത്തി പ്രഖ്യാപനം നടത്തിയ, താനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, ജില്ലാ ആശുപത്രിയായി ഉയർത്തുന്നതിനു ആധാരമാക്കിയ മാനദണ്ഡങ്ങൾ എന്തെല്ലാമാണ് എന്ന് അറിയിക്കുമോ; ഈ ആശുപത്രിയിൽ ദിനംപ്രതി ഒ.പി വിഭാഗത്തിൽ വരുന്ന രോഗികളുടെ എണ്ണം എത്രയാണ് എന്ന് അറിയിക്കുമോ; ഈ ആശുപത്രിയിൽ നിലവിൽ കിടത്തി ചികിത്സക്കുള്ള സൗകര്യം ഉണ്ടോ എന്ന് അറിയിക്കുമോ; ഇനം തിരിച്ച് വിശദമാക്കാമോ; | (ബി) | 2025-2026 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ജില്ലാ ആശുപത്രിയായി ഉയർത്തി പ്രഖ്യാപനം നടത്തിയിട്ടില്ല. താനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ദിനം പ്രതി ശരാശരി 500-ൽ കൂടുതൽ രോഗികൾ ഒ.പിയിൽ ചികിത്സ തേടി വരുന്നു. ടി സ്ഥാപനത്തിൽ 44 ബെഡുകൾ അനുവദിച്ചിട്ടുണ്ട് . നടന്നു കൊണ്ടിരിക്കുന്ന പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചാൽ കൂടുതൽ രോഗികൾക്കുള്ള കിടത്തി ചികിത്സാ സൗകര്യം ഉറപ്പുവരുത്താൻ സാധിക്കും. |
| (സി) | സംസ്ഥാനത്തെ ഏറ്റവും നല്ല താലൂക്ക് ആശുപത്രിയായി തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള തിരൂരങ്ങാടി ഗവൺമെന്റ് താലൂക്ക് ആശുപത്രി ജില്ലാ ആശുപത്രിയായോ, ജനറൽ ആശുപത്രിയായോ ഉയർത്തണമെന്ന ആവശ്യം സർക്കാരിന്റെ പരിഗണനയിൽ വന്നിട്ടുണ്ടോ; | (സി) | നിവേദനങ്ങൾ പരിശോധിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് എന്ന് അറിയിക്കുമോ; വിശദമാക്കാമോ; | | |
| (ഡി) | തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിൽ ഒ.പി വിഭാഗത്തിൽ ദിനംപ്രതി വരുന്ന രോഗികളുടെ എണ്ണം എത്രയാണ് എന്ന് അറിയിക്കുമോ; ഈ ആശുപത്രിയിൽ എത്ര രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യമുണ്ട് എന്ന് അറിയിക്കുമോ; വിശദമാക്കാമോ; | (ഡി) | തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിൽ ദിനം പ്രതി 1600 -ൽ പരം രോഗികൾ ചികിത്സക്കായി എത്തുന്നുണ്ട്. ആകെ 157 ഐ.പി സൗകര്യം ടി സ്ഥാപനത്തിൽ നിലവിലുണ്ട്. |
| (ഇ) | തിരൂരങ്ങാടി ഗവൺമെന്റ് താലൂക്ക് ആശുപത്രി ജില്ലാ ആശുപത്രിയായോ, ജനറൽ ആശുപത്രിയായോ ഉയർത്തണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് നിയോജകമണ്ഡലം എം.എൽ.എ സമർപ്പിച്ചിരുന്ന നിവേദനങ്ങളിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ; | (ഇ) | ഉത്തരം (സി) പിരിവിൽ ചേർത്തിരിക്കുന്നു |
| (എഫ്) | തിരൂരങ്ങാടി താലൂക്ക് ആശുപത്രി ജില്ലാ ആശുപത്രിയായോ, ജനറൽ ആശുപത്രിയായോ ഉയർത്തുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമോ; വിശദമാക്കാമോ; | (എഫ്) | ഉത്തരം (സി) പിരിവിൽ ചേർത്തിരിക്കുന്നു |
| (ജി) | തിരൂരങ്ങാടി താലൂക്ക് ആശുപത്രി ജില്ലാ ആശുപത്രിയായോ, ജനറൽ ആശുപത്രിയായോ ഉയർത്തണം എന്നാവശ്യപ്പെട്ടു കൊണ്ട് സർക്കാറിന് ഇതുവരെ എത്ര നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ; ആരെല്ലാമാണ് ടി നിവേദനങ്ങൾ നൽകിയത് എന്ന് അറിയിക്കുമോ; എന്നാണ് ടി നിവേദനങ്ങൾ നൽകിയത് എന്നും ഇവയിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് എന്നും അറിയിക്കുമോ ; ഓരോന്നും ഇനം തിരിച്ച് വിശദമാക്കാമോ ? | (ജി) | തിരൂരങ്ങാടി താലൂക്ക് ആശുപത്രി ജില്ലാ ആശുപത്രിയായോ, ജനറൽ ആശുപത്രിയായോ ഉയർത്തണം എന്നാവശ്യപ്പെട്ടു കൊണ്ട് നാളിതുവരെ സർക്കാർ തലത്തിലും നവകേരള സദസ്സിലും ലഭ്യമായ നിവേദനങ്ങളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ഡോക്കറ്റ് നം. | അപേക്ഷകൻ | ലഭ്യമായ അപേക്ഷ | സ്വീകരിച്ച നടപടി |
|---|---|---|---|
| 9316940 | ശ്രീ കെ പി എ മജീദ് എം.എൽ.എ | 24.02.2025 ന് സർക്കാരിൽ ലഭ്യമായ നിവേദനം | പ്രസ്തുത നിവേദനം പരിശോധിച്ചു വരുന്നു |
| 8253852 | ശ്രീ മുഹമ്മദ്കുട്ടി ആപ്പ | 03.04.2024 ന് സർക്കാരിൽ ലഭ്യമായ നിവേദനം | പ്രസ്തുത നിവേദനം പരിശോധിച്ചു വരുന്നു |
| MPM0434374 | ശ്രീ അബ്ദുൾ റഹീം | 30.11.2023 ന് നവകേരള സദസ്സില് ലഭ്യമായ നിവേദനം | വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുന്നതിനായി തിരൂരങ്ങാടി താലൂക്ക് ആസ്ഥാന ആശുപത്രി സൂപ്രണ്ടിന് ജില്ലാ മെഡിക്കൽ ഓഫീസർ മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| MPM0434180 | ശ്രീ മുഹമ്മദ്കുട്ടി ആപ്പ | 1.12.2023 ന് നവകേരള സദസ്സില് ലഭ്യമായ പരാതി | ജില്ലാതലത്തിൽ അപേക്ഷകന് മറുപടി നൽകിയിട്ടുണ്ട്. |
| MPM0434179 | ശ്രീ മുഹമ്മദ്കുട്ടി ആപ്പ | നവകേരള സദസ്സില് 1.12.2023 ന് ലഭ്യമായ നിവേദനം | ജില്ലാതലത്തിൽ അപേക്ഷകന് മറുപടി നൽകിയിട്ടുണ്ട്. |
| MPM0434137-2 | ശ്രീ മുഹമ്മദ്കുട്ടി ആപ്പ | നവകേരള സദസ്സില് 05.12.2023 ന് ലഭ്യമായ നിവേദനം | ജില്ലാതലത്തിൽ അപേക്ഷകന് മറുപടി നൽകിയിട്ടുണ്ട്. |
| MPM0433163 | ശ്രീ സി.പി നൌഫൽ | നവകേരള സദസ്സില് 30.11.2023 ന് ലഭ്യമായ നിവേദനം | ജില്ലാതലത്തിൽ അപേക്ഷകന് മറുപടി നൽകിയിട്ടുണ്ട്. |
| MPM0432333 | ശ്രീ ഉണ്ണികൃഷ്ണൻ | 05.12.2023 ന് | ജില്ലാ തലത്തിൽ |

| | | | |
|---|---|---|---|
| | | നവകേരള സദസ്സിൽ ലഭ്യമായ നിവേദനം | അപേക്ഷകന് മറുപടി നൽകിയിട്ടുണ്ട്. |
| MPM0432281 | ശ്രീ അബ്ദുള്ള പള്ളിക്കൽ | 05.12.2023 ന് നവകേരള സദസ്സിൽ ലഭ്യമായ നിവേദനം | ജില്ലാ തലത്തിൽ അപേക്ഷകന് മറുപടി നൽകിയിട്ടുണ്ട്. |

Shaila. m

സെക്ഷൻ ഓഫീസർ